# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നാരങ്ങാനം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി 5 - 606/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 29/09/2021
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നാരങ്ങാനം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നാരങ്ങാനം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നാരങ്ങാനം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി 5 - 606/2021 തീയ്യതി: 29/09/2021

## പത്തനംതിട്ട ജില്ലയിലെ നാരങ്ങാനം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ നാരങ്ങാനം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-07-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പി.കെ വിജയലക്ഷ്മി | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ. | 09-08-2021 | 31-08-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 09-08-2021 | 31-08-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.മുഹ്സിൻ ഫൈസൽ, ഓഡിറ്റ് ഓഫീസർ
ശ്രീ മഹേഷ് കുമാർ കെ.ആർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി അശ്വതി വി.നായർ, ഓഡിറ്റർ
ശ്രീമതി.കെ.എസ് ദീപ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി | തീയതി |
|---|---|---|---|

| | | (മുതൽ) | (വരെ) |
|---|---|---|---|
| ശ്രീ.കടമ്മനിട്ട കരുണാകരൻ | പ്രസിഡന്റ് | 01-04-2020 | 31-10-2020 |
| അഡ്ഹോക്ക് കമ്മിറ്റി | പ്രസിഡന്റ് | 01-11-2020 | 29-12-2020 |
| ശ്രീമതി. മിനി | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| റ്റി.രഞ്ജിമ | സെക്രട്ടറി | 01-04-2020 | 31-03-2021 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ധന്യ.എ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.ശ്രീകാർത്തിക | വെറ്ററനറി സർജൻ | 01-04-2020 | 31-03-2021 |
| ഡോ.ഷീബ.ജി | മെഡിഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 31-03-2021 |
| ഡോ.ശ്രുതി സുധാകർ | മെഡിക്കൽ ഓഫീസർ (പി. എച്ച്.സി) | 01-04-2020 | 31-03-2021 |
| ഡോ.ഐശ്വര്യ | മെഡിക്കൽ ഓഫീസർ (പി. എച്ച്.സി) | 03-07-2020 | 31-03-2021 |
| അനിതാകുമാരി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| രാജേഷ്.കെ.ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.രജിത റ്റി വർഗീസ് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2020 | 10-11-2020 |
| ഡോ.സഹല കെ.ആർ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 11-11-2020 | 31-03-2021 |
| ജെ.ഗിഫ്റ്റി | അസി.സെക്രട്ടറി | 01-04-2020 | 31-03-2021 |
| ജലിം.എസ് | അസി. എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| സിന്ധു.വി | ഫിഷറീസി സബ് ഇൻസ്പെക്ടർ | 01-04-2020 | 31-03-2021 |
| ലക്ഷ്മി മോഹൻ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ബിന്ദു.വി | ഹെഡ്മിസ്ട്രസ്.,ഗവ.എൽ.പി.സ്കൂൾ | 01-04-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Muhsin Faisal (Audit Officer, On 01-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: K R Maheshkumar (Asst. Audit Officer, On 01-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Muhsin Faisal (Audit Officer, On 01-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: K R Maheshkumar (Asst. Audit Officer, On 01-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Muhsin Faisal (Audit Officer, On 01-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 1-5 |
| 6 | തൊഴിലുറപ്പു പദ്ധതി<br>Written By: K R Maheshkumar (Asst. Audit Officer, On 01-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Muhsin Faisal (Audit Officer, On 01-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Muhsin Faisal (Audit Officer, On 01-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Muhsin Faisal (Audit Officer, On 01-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Muhsin Faisal (Audit Officer, On 01-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 1-10 |
| 11 | കെട്ടിട നിർമ്മാണത്തിനായി മണ്ണ് മാറ്റുന്നതിനു നൽകിയ പെർമിറ്റിന്മേൽ തുടർനിരീക്ഷണമില്ല<br>Written By: K R Maheshkumar (Asst. Audit Officer, On 01-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 1-11 |
| 12 | ഗുണഭോക്തൃ വിഹിതം - തുക പഞ്ചായത്തിൽ യഥാസമയം ഒടുക്കിയില്ല<br>Written By: K S Deepa (Auditor, On 01-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 1-12 |
| 13 | രസീതു ബുക്കുകൾ സാക്ഷ്യപ്പെടുത്തിയിട്ടില്ല<br>Written By: K S Deepa (Auditor, On 01-09-2021)<br>Last Updated By: Johncy John (Computer Assistant, On 22-09-2021) | 1-13 |
| 14 | തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: K S Deepa (Auditor, On 31-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 1-14 |
| 15 | മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കാൻ നടപടിയില്ല<br>Written By: K S Deepa (Auditor, On 01-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 1-15 |
| 16 | ബാലസഭ പ്രവർത്തനങ്ങൾക്കായി കുടുംബശ്രീയ്ക്കു നൽകിയ തുക തിരികെ അടവാക്കേണ്ടതാണ്.<br>Written By: K R Maheshkumar (Asst. Audit Officer, On 01-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 1-16 |
| 17 | വിവിധ മരുന്നുവാങ്ങൽ പദ്ധതികൾ പ്രകാരം മരുന്നുകൾ | 1-17 |

| | | |
|---|---|---|
| | ലഭ്യമാക്കാൻ അവശേഷിക്കുന്നു<br>Written By: K S Deepa (Auditor, On 08-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | |
| 18 | ഹോമിയോ മെഡിക്കൽ ഓഫീസർ<br>Written By: K S Deepa (Auditor, On 08-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 1-17-1 |
| 19 | എം ജി എസ് പഞ്ചായത്ത് ഡിസ്പെൻസറി മെഡിക്കൽ ഓഫീസർ<br>Written By: Aswathy.V.Nair (Auditor, On 08-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 1-17-2 |
| 20 | പി.എച്ച്.സി മെഡിക്കൽ ഓഫീസർ<br>Written By: Aswathy.V.Nair (Auditor, On 08-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 1-17-3 |
| 21 | ലൈഫ് ഭവനനിർമ്മാണം- അഡ്വാൻസ് കൈപ്പറ്റിയവർ നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല<br>Written By: Aswathy.V.Nair (Auditor, On 31-08-2021)<br>Last Updated By: Johncy John (Computer Assistant, On 30-09-2021) | 1-18 |
| 22 | അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടത് അനിവാര്യം<br>Written By: Aswathy.V.Nair (Auditor, On 31-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 1-19 |
| 23 | ജി.എസ്.ടി. കോമ്പൻസേഷൻ സെൽഫ് ഡിക്ലറേഷൻ ഫോം ഹാജരാക്കാതെ നൽകി.<br>Written By: K R Maheshkumar (Asst. Audit Officer, On 01-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 1-20 |
| 24 | ബിറ്റുമിൻ വാങ്ങിയതിന്റെ ഒറിജിനൽ ബില്ലു ഹാജരാക്കാത്ത കരാറുകാരനു ബിൽ തുക നൽകി.<br>Written By: K R Maheshkumar (Asst. Audit Officer, On 01-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 1-21 |
| 25 | ടേക്ക് എ ബ്രേക്ക് ടോയ്‌ലെറ്റ് നിർമ്മാണം പാതിവഴിയിൽ നിർമ്മാണം നിലച്ചു.<br>Written By: K R Maheshkumar (Asst. Audit Officer, On 01-09-2021)<br>Last Updated By: Johncy John (Computer Assistant, On 22-09-2021) | 1-22 |
| 26 | ടെണ്ടർ രേഖകൾ ഓഡിറ്റിനു ഹാജരാക്കിയില്ല.<br>Written By: K R Maheshkumar (Asst. Audit Officer, On 01-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 1-23 |
| 27 | മരാമത്ത് പ്രവർത്തികളുടെ നടപടിക്രമങ്ങളിൽ വീഴ്ച<br>Written By: K R Maheshkumar (Asst. Audit Officer, On 01-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 1-24 |
| 28 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല<br>Written By: Muhsin Faisal (Audit Officer, On 02-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 1-25 |
| 29 | എസ്.എസ്.എയ്ക്ക് നൽകിയത് .<br>Written By: Muhsin Faisal (Audit Officer, On 02-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 1-25-1 |
| 30 | ജലഅതോറിറ്റിക്ക് നൽകിയത്<br>Written By: Muhsin Faisal (Audit Officer, On 02-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 1-25-2 |
| 31 | ജലജീവൻ മിഷൻ പദ്ധതി - വിശദാംശങ്ങൾ ലഭ്യമാക്കിയില്ല<br>Written By: Muhsin Faisal (Audit Officer, On 02-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 1-26 |

**ഭാഗം 2**

--- No Records Found ---

**ഭാഗം 3**

--- No Records Found ---

**ഭാഗം 4**

| | | |
|---|---|---|
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടും,വിനിയോഗവും<br>Written By: Muhsin Faisal (Audit Officer, On 01-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ<br>Written By: Muhsin Faisal (Audit Officer, On 01-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Muhsin Faisal (Audit Officer, On 01-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 4-3 |
| 4 | വായ്പ /വായ്പാ തിരിച്ചടവ്<br>Written By: Muhsin Faisal (Audit Officer, On 01-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 4-4 |
| 5 | സ്ഥിരനിക്ഷേപം<br>Written By: Muhsin Faisal (Audit Officer, On 01-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Muhsin Faisal (Audit Officer, On 01-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Aswathy.V.Nair (Auditor, On 01-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 4-7 |
| 8 | ചാർജ്,സർചാർജ് നടപടികലിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം<br>Written By: Muhsin Faisal (Audit Officer, On 01-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Muhsin Faisal (Audit Officer, On 01-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Aswathy.V.Nair (Auditor, On 01-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 30-09-2021) | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

ഗ്രാമ പഞ്ചായത്തിന്റെ 90906893 രൂപ വരവും 89199000 രൂപ ചെലവും 1707893 രൂപ നീക്കിയിരിപ്പും വരുന്ന ബജറ്റ് 19-3-2020 ലെ 1-1 തീരുമാന പ്രകാരം അംഗീകരിച്ചു. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ടല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്.

സർക്കാർ അതതുസമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കുന്ന ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് അടങ്ങുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനുവരി 15നു മുമ്പായി ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികൾ സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്മാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് നൽകേണ്ടതുമാണ് [വകുപ്പ് 214 (1)]. സ്റ്റാന്റിംഗ് കമ്മിറ്റികളും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരും സമർപ്പിച്ച ബജറ്റ് പ്രപ്പോസലുകൾ, അതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കിയ ബജറ്റിന് അധാരാമാക്കിയ രേഖകളും വിവരങ്ങളും അടങ്ങിയ ബജറ്റ് ഫയൽ ഓഡിറ്റിൽ ലഭ്യമല്ലാത്തതിനാൽ എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റികളും നിർവ്വഹണ ഉദ്യോഗസ്ഥരും ബജറ്റ് നിർദേശങ്ങൾ സമർപ്പിച്ചിരുന്നോയെന്നും ബജറ്റ് നിർദേശങ്ങൾ സമർപ്പിച്ചവരുടെ നിർദേശങ്ങൾ പരിഗണിച്ചാണോ ബജറ്റ് തയ്യാറാക്കിയതെന്നും ഉറപ്പാക്കുന്നതിന് സാധിക്കുന്നില്ല.

ബജറ്റിൽ വിഭാവനം ചെയ്ത വരവിലോ ബജറ്റിൽ എസ്റ്റിമേറ്റിൽ കൂടുതൽ ഏതിനത്തിലെങ്കിലും ചെലവഴിച്ചാലോ വ്യതിയാനം വ്യക്തമാക്കി പുതുക്കിയ ബജറ്റ് അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതുമാണ്. ഡിസംബർ അവസാന വാരം ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും (ഘടക സ്ഥാപനങ്ങളിലെ ഓഫീസ് തലവന്മാരിൽ നിന്നും) തന്നാണ്ടു വർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപ്പോസലുകൾ സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. എന്നാൽ, പഞ്ചായത്ത് 2020-21ലെ പുതുക്കിയ ബജറ്റ് തയ്യാറാക്കിയെങ്കിലും പുതുക്കിയ പ്രൊപ്പോസലുകൾ സ്വീകരിച്ചിട്ടില്ല. 2020-21 ലെ ബജറ്റ് എസ്റ്റിമേറ്റും വാർഷിക കണക്കുകളും തമ്മിൽ പൊരുത്തക്കേടുകളുണ്ട്.

ബജറ്റും യഥാർത്ഥ കണക്കുകളും തമ്മിൽ വലിയ വ്യതിയാനം – ബജറ്റ് അവലോകനം നടത്തുന്നില്ല

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എല്ലാ മാസത്തെയും വരവ്-ചെലവുകൾ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ബജറ്റിനെ അടിസ്ഥാനപ്പെടുത്തിയല്ല കണക്കുകൾ അംഗീകരിച്ചിട്ടുള്ളത്. എല്ലാ മാസവും ബജറ്റ് അലവോകനം നടത്തുന്നില്ല. അതിനാൽ, 2020-21 ലെ ബജറ്റ് എസ്റ്റിമേറ്റും വാർഷിക കണക്കുകളും തമ്മിൽ പൊരുത്തക്കേടുകളുണ്ട്. പ്രധാന വരവ് ചെലവ് വിഭാഗങ്ങളിലെയും അവയിൽ വരുന്ന പ്രധാന ഉപ ഇനങ്ങളുടെയും ബജറ്റ് പ്രകാരവും വാർഷിക കണക്കുകൾ പ്രകാരവുമുള്ള കണക്കുകൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | | ഇനം | ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് | വാർഷിക കണക്കുകൾ പ്രകാരമുള്ള വരവ് | വ്യത്യാസം |
|---|---|---|---|---|---|
| 1 | | നികുതി വരവുകൾ | 5700000 | 3243408 | 2456592 |
| | എ | വസ്തുനികുതി | 4500000 | 2346808 | 2153192 |
| | ബി | തൊഴിൽ നികുതി | 1200000 | 896600 | 303400 |
| 2 | | നികുതിയേതര വരവുകൾ | | | |
| | എ | ലൈസൻസ് | 70000 | 1376 | 68624 |
| 3 | | പൊതു ഉദ്ദേശ്യ ഗ്രാന്റ് | 8491000 | 13351161 | 4860161 |
| 4 | | വികസന ഫണ്ട് | 14518000 | 14288014 | 229986 |
| 5 | | സംരക്ഷണ ഗ്രാന്റ് | 11983000 | 13173681 | 1190681 |
| 6 | | എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ | 11850000 | 2448920 | 9401080 |
| 7 | | ഭരണ ചെലവുകൾ | 2185000 | 758165 | 1426835 |
| 8 | | ഓപ്പറേഷൻസ് & മെയിന്റനൻസ് | 500000 | 1592491 | (-)1092491 |
| 9 | | പ്ലാൻ-ഉല്പാദന മേഖല | 3734000 | 3482684 | 251316 |

| | | | | |
|---|---|---|---|---|
| 10 | പ്ലാൻ-സേവന മേഖല | 25620000 | 10536764 | 15083236 |
| 11 | പ്ലാൻ-പശ്ചാത്തല മേഖല | 10676000 | 10000905 | 675095 |
| 12 | പ്ലാൻ-മേഖല വിഭജനത്തിൽ ഉൾപ്പെടാത്തത് | 55000 | 2063310 | (-)2008310 |

കേരള പഞ്ചായത്ത് രാജ് നിയമം 214 വകുപ്പിൽ അനുശാസിക്കുന്ന രീതിയിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കുന്നതിനും, ബജറ്റ് യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് പുതുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ബജറ്റ്, വാർഷിക കണക്കുകൾ എന്നിവ താരതമ്യം ചെയ്തും നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും വിവിധ സെക്ഷനുകളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചും വേണം ബജറ്റ് തയ്യാറാക്കേണ്ടത്. യഥാർത്ഥ കണക്കുകളുമായി ഗണ്യമായ വ്യത്യാസം കാണിക്കുന്ന ബജറ്റ് തയ്യാറാക്കുന്നത് പഞ്ചായത്തിന്റെ ധനകാര്യ മാനേജ്മെന്റിനെ പ്രതികൂലമായി ബാധിക്കും. യഥാർത്ഥ വിവരങ്ങൾ വിശകലനം ചെയ്ത് ബജറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| വാർഷിക ധനകാര്യ പത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 15.07.2021 |

ഓഡിറ്റ് വർഷത്തെ വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഷെഡ്യൂൾ B5 സെക്യൂർഡ് ലോൺ ഷെഡ്യൂളിൽ KURDFC ലോൺ കുടിശ്ശികയായി 5205631 രൂപ കാണിച്ചിരിക്കുന്നു. 2018-19 ൽ കുടിശ്ശികയായി 5180000 രൂപയായിരുന്നു കാണിച്ചിരുന്നത്. 2019-20 വർഷം G.O പ്രൊജക്ടായി 191176 രൂപ (പ്രൊജക്ട് നം282), 7353 രൂപ (പ്രൊജക്ട് നം283) , 191177 (പ്രൊജക്ട് നം284), 7353 (പ്രൊജക്ട് നം285) എന്നിങ്ങനെ ആകെ 397059 രൂപ അടവാക്കിയത് അക്കൗണ്ട്സിൽ കുറവു വരുത്തിയിട്ടില്ല.

2020-21 വർഷം അടവാക്കിയ 219490 രൂപ (പ്രൊജക്ട് നം278), 21980 രൂപ (പ്രൊജക്ട് നം279) , 219490 (പ്രൊജക്ട് നം281), 21981 (പ്രൊജക്ട് നം282) എന്നിങ്ങനെ ആകെ 482941 രൂപ അടവാക്കിയത് അക്കൗണ്ട്സിൽ കുറവു വരുത്തിയിട്ടില്ല.

2. ഷെഡ്യൂൾ B11:- ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ലാത്തതിനാൽ സ്ഥിര ആസ്തികളുടെ മൂല്യനിർണ്ണയം കൃത്യമാണോ എന്നത് പരിശോധിച്ച് ഉറപ്പാക്കാൻ സാധിച്ചിട്ടില്ല. ആസ്തികളിൽ ബിൽഡിംഗ്സ്, മൂവബൾ അസറ്റുകൾ എന്നിങ്ങനെയുള്ള എല്ലാ ആസ്തികളും മുൻ വർഷത്തെ തുക തന്നെയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. റോഡ്- സിമന്റ് കോൺക്രീറ്റ്, ടാർഡ് എന്നീ ആസ്തികളിൽ നാമമാത്രമായ വർദ്ധനവാണ് അക്കൗണ്ട്സിൽ വന്നിട്ടുള്ളത്. നിലവിലുള്ള ആസ്തികൾക്ക് ഡിപ്രീസിയേഷൻ നൽകിയതും ക്രമപ്രകാരമല്ല.

3. ഷെഡ്യൂൾ B-11(A) ക്യാപ്പിറ്റൽ വർക്ക്-ഇൻ -പ്രോഗ്രസ്സ് ആയി 256062 രൂപ കാണിച്ചിട്ടുണ്ട്. എന്നാൽ എത്ര തുക പാർട്ട് ബില്ലായി നൽകിയെന്നു വ്യക്തമല്ല.

4. ഷെഡ്യൂൾ B15:-വസ്തു നികുതി വരവ്, ചെലവ്, നീക്കിയിരിപ്പ്-സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

5.ഷെഡ്യൂൾ B-18 ഡെപ്പോസിറ്റ് വിവരങ്ങളിൽ 1796281 രൂപയാണ് അഡ്വാൻസായി കാണിച്ചിരിക്കുന്നത്. കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത ജലമിഷൻ പ്രൊജക്ട് 5 ലക്ഷം രൂപ, പ്രൊജക്ട് നം പ്രകാരമുള്ള 1 ലക്ഷം രൂപ എന്നിവ അക്കൗണ്ട് ചെയ്തിട്ടില്ല. മുൻ സാമ്പത്തിക വർഷങ്ങളിൽ KWA യ്ക്ക അഡ്വാൻസ് നൽകിയ 597481 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചോ എന്നും അവ കുറവു ചെയ്ത് ഷെഡ്യൂൾ B-11 ലേക്ക് അക്കൗണ്ട് ചെയ്തിട്ടുണ്ടോയെന്നും ഉറപ്പാക്കാനുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല.

അപാകതകൾ ചൂണ്ടിക്കാണിച്ചുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിയ്ക്ക് (നം:18/2020-21; 28.08.2021) അക്കൗണ്ട്സ് ക്രമപ്പെടുത്തുന്നതിനു തുടർനടപടികൾ സ്വീകരിക്കുമെന്ന് സെക്രട്ടറി ഓഡിറ്റിനെ അറിയിച്ചു.

## 1-3 സാമ്പത്തിക വിശകലനം

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 18656552 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | 57914098 |
| ആകെ വരവ് | 76570650 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 63058528 |
| നീക്കിയിരിപ്പ് | 13512122 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 733829 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | ബജറ്റ് പ്രകാരം അനുവദിച്ച തുക | ആകെ | ചെലവ് | ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 11217195 | 11217195 | 104171162 | 800033 |
| വികസന ഫണ്ട്-SCP | 0 | 4538110 | 4538110 | 3782619 | 755491 |
| വികസന ഫണ്ട്- TSP | 0 | 321000 | 321000 | 88233 | 232767 |
| മെയിന്റനൻസ് ഫണ്ട്-റോഡ് | 0 | 10076000 | 1076000 | 9988626 | 87374 |
| മെയിന്റനൻസ് ഫണ്ട്-നോൺ റോഡ് | 0 | 3456681 | 3456681 | 3185055 | 271626 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-Untied | 0 | 6949128 | 6949128 | 6445383 | 503745 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- Tied | 0 | 4080000 | 4080000 | 1603912 | 2476088 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
| ഐ.സി.ഡി.എസ്. | 508916 | 1117138 | 1626054 | 391249 | 1234805 |
| തൊഴിലുറപ്പ് പദ്ധതി | 0 | 10036465 | 10036465 | 10036465 | 0 |
| | | | | | |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | |
| ലൈബ്രറി ഗ്രാന്റ് | 17943 | 462 | 18405 | 1400 | 17005 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 2397411 | 2222961 | 4620372 | 2246040 | 2374332 |
| ലൈഫ് | 0 | 719000 | 719000 | 300000 | 419000 |

## 1-5 പദ്ധതി അവലോകനം

2020-21 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ, നടപ്പാക്കിയതിന്റെ വിവരം എന്നിവ താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 236 | 59826660/- | 198 | 44091383 | -- | 39 | 83.9% |

വർക്കിംഗ് ഗ്രൂപ്പുകൾ ക്രിയാത്മകമായി പ്രവർത്തിക്കുന്നില്ല.

വർക്കിംഗ് ഗ്രൂപ്പുകൾ തങ്ങളുടെ പരിധിയിൽ വരുന്ന വിഷയങ്ങളിൽ ആഴത്തിലുള്ള വിശകലനങ്ങൾ നടത്തി ഏറ്റവും പ്രാധാന്യമുള്ള പ്രോജക്ടുകൾ നിർദേശിക്കുന്നതിനു പകരം മുൻവർഷങ്ങളിൽ ചെയ്തതുപോലെ ആവർത്തനപരമായ പ്രോജക്ടുകൾ നിർദേശിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. സ്റ്റാന്റിംഗ് കമ്മിറ്റികൾ ക്രിയാത്മകമായി പ്രവർത്തിക്കുന്നില്ല.സ്റ്റാന്റിംഗ് കമ്മറ്റികളിൽ വാർഷിക പദ്ധതി സംബന്ധിച്ച് വിശദമായ വിശകലനങ്ങൾ നടത്താതെ വർക്കിംഗ് ഗ്രൂപ്പുകളുടെ നിർദേശങ്ങൾ അതേപടി അംഗീകരിച്ചിട്ടുള്ളത്, ഗ്രാമപഞ്ചായത്തിന്റെ വികസന ആവശ്യങ്ങൾ ക്രിയാത്മകമായി ചർച്ച ചെയ്ത് ഏറ്റവും ആവശ്യമുള്ളതും പ്രായോഗികവും അനുയോജ്യമായതുമായ പ്രോജക്ടുകൾ തെരഞ്ഞെടുക്കുന്നതിലും വിവിധ തലങ്ങളിലെ പ്രവർത്തനങ്ങൾ സർക്കാർ നിർദേശിച്ചിട്ടുള്ള പ്രകാരം നടത്തുന്നതിലുണ്ടാവുന്ന ജാഗ്രതക്കുറവ് പഞ്ചായത്തിന്റെ ആകെ വികസനത്തിനും പദ്ധതി സമയബന്ധിതവും കാര്യക്ഷമവുമായി നടത്തുന്നതിനും തടസ്സമാവുന്നുണ്ട്.

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയപ്രോജക്ടുകൾ | അടങ്കൽ | ചെലവ് |
|---|---|---|---|---|
| കൃഷി ഓഫീസർ | 11 | 11 | 2047500 | 1369960 |
| വെറ്ററിനറി സർജൻ | 7 | 7 | 1699000 | 1253000 |
| മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | 4 | 4 | 1297500 | 1062228 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 1 | 1 | 250000 | 250000 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 2 | 2 | 250000 | 24944 |
| സബ്ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 2 | 2 | 783000 | 189474 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 | 18 | 10 | 9519103 | 4849408 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-2 | 1 | 1 | 1081080 | 208280 |
| ഐ.സി.ഡി.എസ് സൂപ്രവൈസർ | 6 | 5 | 2520000 | 2182216 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 1000000 | 1000000 |
| സെക്രട്ടറി | 36 | 34 | 8158518 | 6384341 |
| ഹെഡ്മാസ്റ്റർ, ഗവ. എൽ.പി.എസ് | 5 | 3 | 664484 | 475342 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 130 | 107 | 28658219 | 23518643 |
| അസി.സെക്രട്ടറി | 11 | 9 | 1898256 | 1099047 |
| ആകെ | 236 | 198 | 59826660 | 44091383 |

വിവിധമേഖലകൾ അടിസ്ഥാനമാക്കി പ്രൊജക്ടുകൾ ആവിഷ്കരിച്ചതിന്റെയും,നടപ്പാക്കിയതിന്റെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| മേഖല | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| ഉല്പാദനം | 23 | 22 | 5529500 | 3812434 | 68.98 |
| സേവനം | 72 | 59 | 22941311 | 14961845 | 65.21 |
| പശ്ചാത്തലം | 141 | 117 | 31355849 | 25317014 | 80.74 |
| ആകെ | 236 | 198 | 59826660/- | 44091383/- | 73.69 |

| കാറ്റഗറി | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| സ്പിൽ ഓവർ | 58 | 50 | 11617024 | 8826662 | 75.98 |
| പുതിയത് | 178 | 148 | 4820963 | 35264721 | 73.14 |
| ആകെ | 236 | 198 | 59826660 | 44091383 | 73.7 |

03.07.2018ലെ സ.ഉ(അ)100/2018/ധന, 24.01.2019ലെ സ.ഉ(അ)7/2019/ധന ഉത്തരവുകൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ഫണ്ട് കൈമാറുന്ന രീതി നിറുത്തലാക്കുകയും പകരം 01.04.2019 മുതൽ അലോട്ട്മെന്റ് രീതി അവലംബിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ, മേൽ നിർദേശങ്ങൾ പാലിക്കാതെ ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുകകൾ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. വിനിയോഗിക്കാത്ത തുക അടിയന്തിരമായി സർക്കാരിലേയ്ക്ക് (സഞ്ചിത നിധി) തിരികെ ഒടുക്കേണ്ടതാണ്. ജി.ഒ പ്രൊജക്ടുകൾ മുഖേന ലൈഫ് ഭവനനിർമ്മാണം ജനറൽ, എസ്.സി.പി ഇനങ്ങളുടെ വായ്പാ തിരിച്ചടവ് നടത്തിയെങ്കിലും വാർഷിക കണക്കിൽ, ബാധ്യതാ ശീർഷകത്തിൽ ആയത് പ്രതിഫലിച്ചിട്ടില്ല.

## 1-6 തൊഴിലുറപ്പ് പദ്ധതി

ഓഡിറ്റ് വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുടെ വരവ് ചെലവ് കണക്കുകളുടെ വിവരം ചുവടെചേർക്കുന്നു.

| ഫണ്ടിനം | മുന്നിരിപ്പ് | ബജറ്റ് പ്രകാരം അനുവദിച്ച തുക | ആകെ | ചെലവ് | ലാപ്സായ തുക |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 0 | 529700 | 529700 | 529700 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 9506765 | 9506765 | 9506765 | 0 |

## 1-7 ക്ഷേമപദ്ധതികൾ

2020-21 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 198 | 3218900/- |
| വിധവാപെൻഷൻ | 487 | 7817600/- |
| വാർദ്ധക്യകാലപെൻഷൻ | 1230 | 20631800/- |
| വികലാംഗപെൻഷൻ | 220 | 3695400/- |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 11 | 221400/- |
| തൊഴിൽരഹിത വേതനം | 22 | 22080 |

## 1-8 ക്യാഷ് പരിശോധന

1994 - ലെ ലോക്കൽഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് പരിശോധന 18-8-2021,2.30 പി.എം -ന് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരുപ്പ് തുകയായ 31589 രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

സാധനങ്ങളും സേവനങ്ങളും വാങ്ങുന്നത് സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വാർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണം നടത്തുവാൻ പ്രൊക്യൂർമെന്റ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്. ഓഫീസ് ഉത്തരവ് മുഖേന ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുള്ളത് കൃത്യമായ ഇടവേളകളിൽ ജോലി വിലയിരുത്തി മേൽനോട്ട ചുമതലയുള്ളവർ മോണിറ്ററിംഗ് നടത്തി ആവശ്യമായ നിർദേശങ്ങൾ നൽകേണ്ടതാണ്. ഗ്രാമപഞ്ചായത്തിന് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ 2020-21-ൽ ലഭ്യമായിട്ടുണ്ട്. രജിസ്റ്ററുകൾ പരിപാലിക്കുന്നതിൽ കൂടുതൽ ജാഗ്രത പുലർത്തേണ്ടതാണ്. അഡ്വാൻസ് രജിസ്റ്ററിൽ നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ നൽകിയ തുകകളുടെ വിവരം ചേർക്കുന്നില്ല. വായ്പാ രജിസ്റ്ററും വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.സ്ട്രീറ്റ് ടാപ്പുകൾ സംബന്ധിച്ച രജിസ്റ്റർ പരിപാലിക്കുന്നില്ല. സ്ട്രീറ്റ് ടാപ്പുകൾ സംബന്ധിച്ച് സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ വിച്ഛേദിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. വിവിധ ഫണ്ടുകളുപയോഗിച്ച് അനവധി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പദ്ധതികൾ ജലഅതോറിറ്റി മുഖേന പഞ്ചായത്ത് നടപ്പാക്കുന്നുണ്ട്.ഇത്തരം പദ്ധതികൾ നടപ്പാക്കുമ്പോൾ പൊതുടാപ്പുകൾക്കു പകരം വ്യക്തിഗത കണക്ഷനുകൾ പ്രോത്സാഹിപ്പിക്കേണ്ടതും, പഞ്ചായത്തിന്റെ തനത് സാമ്പത്തിക സ്ഥിതി സുസ്ഥിരമാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകുന്ന രസീത് ബുക്കുകൾ വഴിയുള്ള പിരിവുകൾ യഥാസമയം പഞ്ചായത്തിൽ ഒടുക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ആട്ടുവളർത്തൽ പദ്ധതിക്കായി ഗുണ.വിഹിതം പിരിച്ചതുക വെറ്റി.സർജൻ ഒടുക്കാതെ വരികയും, ഓഡിറ്റിൽ കണ്ടെത്തിയതിനെത്തുടർന്ന് ആയത് പലിശ സഹിതം പഞ്ചായത്തിൽ ഒടുക്ക് വരുത്തിയട്ടുമുണ്ട്. ഗുണ.വിഹിതം പഞ്ചായത്തിൽ എത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കാതെ തനത്ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നത് ശരിയായ നടപടിയല്ല.വാർഷിക പദ്ധതി ബജറ്റുമായി സംയോജിപ്പിച്ചിട്ടില്ല. പ്രതിമാസ വരവ്-ചെലവ് കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടൊയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലും ബജറ്റ് പ്രൊവിഷന് അനുസൃതമായിട്ടുമാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ചതീയതി |
|---|---|---|---|
| അക്കൌണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 1-7-2016 മുതൽ 18-7-2016 വരെ | 2011-12 മുതൽ 2015-16 വരെ | 19-9-2016 |
| പെർഫോർമൻസ് ഓഡിറ്റ് | 19-9-2029&20-9-2019 | 4/2019മുതൽ 8/2019വരെ | 19-10-2019 |

## 1-11 കെട്ടിട നിർമ്മാണത്തിനായി മണ്ണ് മാറ്റുന്നതിനു നൽകിയ പെർമിറ്റിന്മേൽ തുടർനിരീക്ഷണമില്ല

2020-21 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിൽ നിന്നും വികസന പെർമിറ്റ് ഫയലുകളോടൊപ്പം കെട്ടിട നിർമ്മാണ പെർമിറ്റുകളും താഴെ പറയുന്ന വ്യക്തികൾക്കു നൽകിയിരുന്നു. അപേക്ഷകർ വികസന പെർമിറ്റ് തീയതിയ്ക്ക് ശേഷം ഒരു വർഷത്തിനകം കെട്ടിട നിർമ്മാണം ആരംഭിക്കാത്ത പക്ഷം ജില്ലാ ജിയോളജിസ്റ്റിനു തുടർ നിയമ നടപടികൾ സ്വീകരിക്കാൻ അധികാരമുണ്ട്. ആയതു പരിശോധിച്ച് റിപ്പോർട്ട് നൽകേണ്ടത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ഉത്തരവാദിത്തവുമാണ്. ആയതിനാൽ താഴെ പറയുന്ന അപേക്ഷകർ വികസന പെർമിറ്റ് നേടി മണ്ണു മാറ്റിയ ശേഷം ഒരു വർഷത്തിനകം കെട്ടിട നിർമ്മാണം നടത്താതിരിക്കുന്നുണ്ടോയെന്നു പരിശോധന നടത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. സഞ്ചയ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും മേൽ അപേക്ഷകരുടെ കെട്ടിട നിർമ്മാണം പൂർത്തിയാക്കി നികുതി നിർണ്ണയം നടത്തി നമ്പരിട്ടിട്ടില്ല.

| ക്രമ നം | പെർമിറ്റ് രജിസ്റ്റർ ക്രമ നം | പേര് വിലാസം | പെർമിറ്റ് | അളവ് |
|---|---|---|---|---|
| 1 | 79 | റോസ്‌ലിൻ മാത്യു, വാളേക്കുംപാറയിൽ, കടമനിട്ട | ഭൂവികസനം C5-2874/20 ; 30.10.2020 | 284.17 M3 |

| | | | | |
|---|---|---|---|---|
| | 80 | | കെട്ടിട നിർമ്മാണം (റസിഡൻഷ്യൽ) C5-2875/20 ; 30.10.2020 | 158 M2 |
| 2 | 81 | ബിനീഷ് & സുജിത, മേലേ തെക്കേമുറിയിൽ, നാരങ്ങാനം പി.ഒ | ഭൂവികസനം C5-2879/20 ; 25.09.2020 | 258.5 M3 |
| | 82 | | കെട്ടിട നിർമ്മാണം (റസിഡൻഷ്യൽ) C5-2878/20 ; 25.09.2020 | 64.62 M2 |
| 3 | 92 | സുജ സി.ബി, ഞണ്ടുകല്ലിൽ വീട്, മുണ്ടുകോട്ടയ്ക്കൽ പി.ഒ | ഭൂവികസനം C5-3092/20 ; 23.10.2020 | 750.13 M3 |
| | 93 | | കെട്ടിട നിർമ്മാണം (റസിഡൻഷ്യൽ) C5-3093/20 ; 23.10.2020 | 73.14 M2 |
| 4 | 101 | ബാബു തറെമലയിൽ, നാരങ്ങാനം പി.ഒ | ഭൂവികസനം C5-3215/20 ; 06.10.2020 | 546 M3 |
| | 102 | | കെട്ടിട നിർമ്മാണം (റസിഡൻഷ്യൽ) C5-3214/20 ; 06.10.2020 | 220.25 M2 |
| 5 | 110 | കെ.എം അലക്സാണ്ടർ, കാരയ്ക്കാട്ടു പറമ്പിൽ, നാരങ്ങാനം പി.ഒ | ഭൂവികസനം C5-3330/20 ; 30.10.2020 | 390 M3 |
| | 114 | | കെട്ടിട നിർമ്മാണം (റസിഡൻഷ്യൽ) C5-3439/20 ; 30.10.2020 | 104.54 M2 |
| 6 | 134 | സനു മാത്യു, കരിങ്ങാട്ടിൽ മേമുറിയിൽ ,കടമനിട്ട പി.ഒ | ഭൂവികസനം C5-3876/20 ; 12.11.2020 | 889.57 M3 |
| | 135 | | കെട്ടിട നിർമ്മാണം (റസിഡൻഷ്യൽ) C5-3875/20 ; 12.11.2020 | 156.8 M2 |
| 7 | 155 | അജിത സി, മുരുപ്പേൽ വീട്, അന്ത്യാളൻ കാവ് | ഭൂവികസനം C5-4174/20 ; 25.01.2021 | 1460.8 M3 |
| | 156 | | കെട്ടിട നിർമ്മാണം (റസിഡൻഷ്യൽ) C5-4173/20 ; 25.01.2021 | 99.6 M2 |
| 8 | 171 | ജൂബിൻ ജോർജ് വർഗീസ്, ചെറുകുന്നത്ത്, കടമനിട്ട | കെട്ടിട നിർമ്മാണം (റസിഡൻഷ്യൽ & കൊമേഴ്ഷ്യൽ) C5-4354/20;12.02.21 | 295 M2 |
| | 173 | | ഭൂവികസനം C5-4365/20;12.02.21 | 1999.23 M3 |
| 9 | 172 | തോമസ് ജോർജ്, ചെറുകുന്നത്ത്, കടമനിട്ട | കെട്ടിട നിർമ്മാണം (റസിഡൻഷ്യൽ & കൊമേഴ്ഷ്യൽ) C5-4355/20;12.02.21 | 210 M2 |

| | | | | |
|---|---|---|---|---|
| | 174 | | ഭൂവികസനം<br>C5-4366/20;12.02.21 | 1405.91<br>M3 |

മേൽ പറയുന്ന അപേക്ഷകർ വികസന പെർമിറ്റ് നേടി മണ്ണ് മാറ്റിയ ശേഷം കെട്ടിട നിർമ്മാണം നടത്താതിരിക്കുന്നുണ്ടോയെന്ന പരിശോധിച്ച് ഇല്ലായെങ്കിൽ ജില്ലാ ജിയോളജസ്റ്റിനും റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഈ വിഷയം സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.15/2020-21: 25.08.2021) സൈറ്റ് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ അസിസ്റ്റന്റ് എഞ്ചിനീയർക്ക് കത്ത് നൽകുമെന്ന അറിയിച്ചു. സ്വീകരിച്ച തുടർനടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ ശ്രദ്ധ ഈ വിഷയത്തിലേക്കു ക്ഷണിക്കുന്നു.

## 1-12 ഗുണഭോക്തൃ വിഹിതം - തുക പഞ്ചായത്തിൽ യഥാസമയം ഒടുക്കിയില്ല

വെറ്റിനറി സർജൻ നടപ്പാക്കിയ ആട്ടവളർത്തൽ പദ്ധതിക്ക് (പ്രോജക്ട് നം.35/21) ഗുണഭോക്തൃ വിഹിതമായി ശ്രീമതി. ലില്ലിക്കുട്ടി തോമസ് എന്നയാളിൽ നിന്നും 16.02.2021 ൽ കൈപ്പറ്റിയ 8000 ( ബുക്ക് നം: 54441 രസീത് നം: 42 പ്രകാരം പിരിച്ചത്) രൂപ ഗ്രാമപഞ്ചായത്തിൽ ഒടുക്കുവരുത്തിയിട്ടില്ലാത്തത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്റെ (നം. 6/16.8.2021) അടിസ്ഥാനത്തിൽ ടി തുകയും പലിശയും ചേർത്ത് 9440 രൂപ 16.8.21 തീയതിലെ 1833847 നമ്പർ രസീത് പ്രകാരം ഒടുക്കുവരുത്തി. ഗുണഭോക്തൃ വിഹിതമായി പിരിച്ചെടുത്ത തുക ഗ്രാമപഞ്ചായത്തിൽ സമയബന്ധിതമായി ഒടുക്കുവരുത്തുവാൻ നിർവ്വഹണ ഉദ്യോഗസ്ഥരും പ്രോജക്ടിന്റെ ഭാഗമായുള്ള ഗുണഭോക്തൃ വിഹിതം ചെലവഴിക്കുമ്പോൾ പ്രസ്തുത തുക പഞ്ചായത്തിൽ പൂർണ്ണമായും നിർവ്വഹണോദ്യോഗസ്ഥരിൽ നിന്നും ലഭ്യമായിട്ടുണ്ടെന്ന് ഉറപ്പാക്കുന്നതിന് പഞ്ചായത്ത് അധികൃതരും ശ്രദ്ധിക്കേണ്ടതാണ്.

## 1-13 രസീതു ബുക്കുകൾ സാക്ഷ്യപ്പെടുത്തിയിട്ടില്ല

പഞ്ചായത്തിൽ നിന്നും നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകുന്ന രസീതു ബുക്കുകളിൽ രസീതുകളുടെ എണ്ണം സംബന്ധിച്ച് സാക്ഷ്യപ്പെടുത്തൽ നടത്തുന്നില്ല. ഇത് ക്രമവിരുദ്ധമാണ്. പിരിവ് നടത്തുന്നതിന് രസീതു ബുക്കുകൾ നൽകുമ്പോൾ സെക്രട്ടറി രസീതുകളുടെ എണ്ണം സംബന്ധിച്ച് സാക്ഷ്യപ്പെടുത്തൽ വരുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-14 തൊഴിൽ നികുതി ഈടാക്കിയില്ല

താഴെ സൂചിപ്പിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെ 2020-21 സാമ്പത്തിക വർഷത്തെ രണ്ടാം അർദ്ധ വാർഷിക തൊഴിൽ നികുതി ഈടാക്കിയില്ല.

1) മൗണ്ട് സിയോൺ റസിഡൻഷ്യൽ സ്കൂൾ.

2) ബി.എസ്.എൻ.എൽ(രണ്ട് അർദ്ധ വർഷത്തെയും അടച്ചിട്ടില്ല).

ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 16/25-8-21) രണ്ട് സ്ഥാപനങ്ങൾക്കും നോട്ടീസ് നൽകിയിട്ടുണ്ടെന്നും, തൊഴിൽ നികുതി പിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-15 മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കാൻ നടപടിയില്ല

സഞ്ചയ പ്രകാരം പഞ്ചായത്ത് പ്രദേശത്തെ മൊബൈൽ ടവറുകളുടെ 2020-21 സാമ്പത്തിക വർഷം വരെയുള്ള വസ്തു നികുതി പിരിച്ചെടുക്കാൻ ശേഷിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

എ. മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക 7.06 ലക്ഷം രൂപ

| ക്രമ നം | വാർഡ് നം/ കെട്ടിട നം | മൊബൈൽ ടവർ | നിർണ്ണയിച്ച വസ്തു നികുതി + ലൈബ്രറി സെസ്സ്+സർവീസ് സെസ്സ് | 2021-2022 വരെയുള്ള കുടിശ്ശിക |
|---|---|---|---|---|
| 1 | 02/61, കണമുക്ക് | വോഡാഫോൺ എസ്സാർ സെല്ലുലാർ ലിമിറ്റഡ്. മാത്യു സ്ക്വയർ നോർത്ത് റെയിൽവേ സ്റ്റേഷൻ എതിർവശം, ഏറണാകുളം നോർത്ത് പി.ഒ, 682018 | 36750+1838+1838 | 323408 (2014-15 വർഷം മുതൽ) |

| | | | | |
|---|---|---|---|---|
| 2 | 07/275, ഇളപ്പുങ്കൽ. | റീലയൻസ് കമ്മ്യൂണിക്കേഷൻ ലിമിറ്റഡ് 38 .628(എ.പി.ആർകേട്,കൊച്ചി),കിരൺ.കെ.ആർ (വൃന്ദാവൻ,കുരമ്പാല) | 18900+945+945 | 187110 (2013-14 വർഷം മുതൽ) |
| 3 | 08/247/A കല്ലൂർ | സബ് ഡിവിഷണൽ എഞ്ചിനീയർ,ബി എസ് എൻ എൽ ടവർ,കടമ്മനിട്ട പി ഒ, 689649 | 13500+675+675 | 133650 (2013-14 വർഷം മുതൽ) |
| 4 | 12/379, കണ്ണിടാംകുഴി | ജനറൽ മാനേജർ,ബി എസ് എൻ എൽ,തിരുവല്ല | 6300+315+315 | 62370 (2013-14 വർഷം മുതൽ) |
| | ആകെ | | | 7,06,538 |

വസ്തു നികുതി കുടിശ്ശിക ഈടാക്കാത്തതിന്റെ വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (17/2020-21:26.08.2021)മൊബൈൽ ടവറുകളുടെ ഉടമകൾക്കെതിരെ കോടതി നടപടികളും റവന്യൂ റിക്കവറി നടപടികളും സ്വീകരിച്ചു വരുന്നതായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. മൊബൈൽ ടവർ സ്ഥാപിച്ച സ്ഥാപനം/ഭവന ഉടമകളുമായി ടവർ കമ്പനികൾ എന്നിവർ കരാറിൽ ഏർപ്പെടുന്നുണ്ട്. ഇത്തരം കരാറിൽ തദ്ദേശ ഭരണ വകുപ്പിനു നൽകേണ്ട നികുതികൾ സ്ഥാപനം/ഭവന ഉടമകൾ അടവാക്കണമെന്ന വ്യവസ്ഥ ചെയ്യാറുണ്ട്. ഇത്തരമൊരു സാധ്യത ഗ്രാമപഞ്ചായത്ത് പരിശോധിക്കേണ്ടതും കരാർ ഹാജരാക്കുവാൻ ഇരുകൂട്ടരോടും നിർദ്ദേശിക്കേണ്ടതുമാണ്. വകുപ്പുതലത്തിൽ ഈ വിഷയത്തിന്മേൽ തുടർ നടപടികൾ സ്വീകരിക്കണമെന്ന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

ബി. പഞ്ചായത്ത് പരിധിയിലുള്ള എല്ലാ ടവറുകളും വസ്തുനികുതിയുടെ പരിധിയിൽ വന്നിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ 14 വാർഡുകളുടെ അസസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും 6 വാർഡുകളിൽ മൊബൈൽ ടവറുകളിൽ നിന്നും നികുതി ഈടാക്കിയിട്ടുണ്ട്.

എന്നാൽ 2018-19, 2019-20, 2020-21 എന്നീ വർഷങ്ങളിൽ ഗ്രാമപഞ്ചായത്തിൽ നിന്നും റിലയൻസ് ജിയോ കമ്പനിക്ക് നൽകിയ മൂന്നു പെർമിറ്റുകളും നികുതി നിർണ്ണയ രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ (പെർമിറ്റ് നം:C4-BA(4262)/19;15.11.2018, പെർമിറ്റ് നം:C5-3848/20; 29.02.2020, പെർമിറ്റ് നം. C3-1464/19;23.10.2020) ഈ കമ്പനി നിലവിൽ മൊബൈൽ ടവർ സ്ഥാപിച്ച് പ്രവർത്തിക്കുന്നുണ്ടോയെന്നും ഉണ്ടെങ്കിൽ നികുതി നിർണ്ണയം നടത്തിയതിന്റെ വിശദാംശങ്ങളും ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്. മറ്റു വാർഡുകളിൽ മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാറ്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-16 ബാലസഭ പ്രവർത്തനങ്ങൾക്കായി കുടുംബശ്രീയ്ക്കു നൽകിയ തുക തിരികെ അടവാക്കേണ്ടതാണ്.

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ബാലസഭ പ്രവർത്തനങ്ങൾ എന്ന പദ്ധതിയിൽ 50000 രൂപ വികസന ഫണ്ടിൽ നിന്നും കുടുംബശ്രീ, സി.ഡി.എസ്-നു നൽകിയിരുന്നെങ്കിലും കോവിഡ് മഹാമാരി കാരണം തുക ചെലവഴിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് നം/പേര് | 12/2020-21, ബാലസഭ പ്രവർത്തനങ്ങൾ |
|---|---|
| ഫണ്ട് , അടങ്കൽ | വികസന ഫണ്ട് , 50000 |
| ചെലവ് തുക, ബിൽ നം / തീയതി | 50000, ബിൽ നം:63/12.06.2020 |

പദ്ധതി തുകയായ 50000 രൂപ കുടുംബശ്രീ/സി.ഡി.എസ്-ന്റെ നാരങ്ങാനം SBI യിലുള്ള അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം:67206880835) ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ 2020-21 വർഷം കൊറോണ മഹാമാരി കാരണം ബാലസഭയുടെ ഒരു പ്രവർത്തനങ്ങളും നടന്നിട്ടില്ല. വികസന ഫണ്ടിൽ നിന്നും പിൻവലിച്ച തുക ചെലവഴിക്കാതെ മറ്റൊരു അക്കൗണ്ടിൽ സൂക്ഷിക്കുന്നത് ക്രമമല്ല. ആയതിനാൽ ടി തുക ക്രമീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.(നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം:07/2020-21;17.08.2021) മറുപടി ലഭ്യമാക്കിയില്ല).

## 1-17 വിവിധ മരുന്നുവാങ്ങൽ പദ്ധതികൾ പ്രകാരം മരുന്നുകൾ ലഭ്യമാക്കാൻ അവശേഷിക്കുന്ന

വിവിധ മെഡിക്കൽ ഓഫീസർമാർ നിർവ്വഹണം നടത്തിയ മരുന്നുവാങ്ങൽ പദ്ധതികൾക്കായി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ, ഹോംകോ എന്നിവിടങ്ങളിലേയ്ക്ക് മുൻകൂറായി തുക ഒടുക്കിയിട്ടുണ്ടെങ്കിലും മരുന്നുകൾ നാളിതുവരെയായും പൂർണ്ണമായും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. മരുന്നുകൾ ലഭ്യമാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17-1 ഹോമിയോ മെഡിക്കൽ ഓഫീസർ

ഹോമിയോ മെഡിക്കൽ ഓഫീസർ ഹോംകോയിൽ ഒടുക്കിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./ പേര് | ഒടുക്കിയ തുക/ബിൽ നമ്പർ തീയതി | ലഭ്യമായ മരുന്ന് | ലഭ്യമാക്കാൻ അവശേഷിക്കുന്നത് |
|---|---|---|---|
| മരുന്നു വാങ്ങൽ/90/21 | 150000, 01/2021-26.08.2020 | ഇല്ല | 150000/- |

## 1-17-2 എം ജി എസ് പഞ്ചായത്ത് ഡിസ്പെൻസറി മെഡിക്കൽ ഓഫീസർ

എം ജി എസ് പഞ്ചായത്ത് ഡിസ്പെൻസറി മെഡിക്കൽ ഓഫീസർ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ ഒടുക്കിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./പേര് | ചെലവ് വിവരം,നൽകിയ തുക | ലഭ്യമായ മരുന്ന് | അവശേഷിക്കുന്നത് |
|---|---|---|---|
| S0080/21/എം ജി എസ് പഞ്ചായത്ത് ഡിസ്പെൻസറിക്ക് മരുന്നുവാങ്ങൽ | 01/20-21/11.02.2021 , 100000 രൂപ | 62488 | 37512 |

## 1-17-3 പി.എച്ച്.സി മെഡിക്കൽ ഓഫീസർ

പി.എച്ച്.സി മെഡിക്കൽ ഓഫീസർ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ ഒടുക്കിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./പേര് | ചെലവ് വിവരം,നൽകിയ തുക | ലഭ്യമായ മരുന്ന് | ലഭ്യമാക്കാൻ അവശേഷിക്കുന്നത് |
|---|---|---|---|
| S0042/21/പി എച്ച് സി യ്ക്ക് മരുന്നും ലാബ് റീ ഏജന്റും വാങ്ങൽ | 06/20-21/08.02.2021, 185000 രൂപ | 22784 | 162216 |
| S0041/21/ സാന്ത്വനപരിചരണം | 05/2020/18.02.2021, 42560 രൂപ 14/21/26.03.2021, 112500 രൂപ | ഇല്ല | 155060 |

## 1-18 ലൈഫ് ഭവനനിർമ്മാണം- അഡ്വാൻസ് കൈപ്പറ്റിയവർ നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല

2020-21 സാമ്പത്തിക വർഷത്തിൽ ജനറൽ, പട്ടികജാതി വിഭാഗങ്ങൾക്കായുള്ള ലൈഫ് ഭവനനിർമ്മാണ പദ്ധതികളിൽ ഉൾപ്പെട്ട് മുൻകൂർ തുക കൈപ്പറ്റിയവർ ഭവനനിർമ്മാണം പൂർത്തിയാക്കാൻ അവശേഷിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) ലൈഫ് ഭവനനിർമ്മാണം-ജനറൽ

| | |
|---|---|
| പ്രോജക്ട് നം./ പേര് | S0033/21 ലൈഫ് ഭവനനിർമ്മാണം-ജനറൽ |
| അടങ്കൽ | 1645800(വികസനഫണ്ട്-പൊതു) 754200 (ബ്ലോക്ക് പഞ്ചായത്ത്) |

| | |
|---|---|
| ചെലവ് | 1645800(വികസനഫണ്ട്-പൊതു) 200000 (ബ്ലോക്ക് പഞ്ചായത്ത്) |

ലൈഫ് ഭവനനിർമ്മാണം- ജനറൽ പദ്ധതി പ്രകാരം അഡ്വാൻസ് കൈപ്പറ്റിയ താഴെപ്പറയുന്നവർ പണി പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം. | പേരും വിലാസവും | നൽകിയ തുക |
|---|---|---|
| 1 | ശ്രീമതി അന്നമ്മ തമ്പി, പള്ളിമുരുപ്പേൽ,നാരങ്ങാനം | 360000 |
| 2 | ശ്രീമതി കുഞ്ഞുമോൾ എ റ്റി, ചെറിയകാവിൽ, കടമ്മനിട്ട | 360000 |
| 3 | ശ്രീമതി മഞ്ജു ചന്ദ്രൻനായർ, പടിഞ്ഞാറേവരാലിൽ, നാരങ്ങാനം | 243477 |

ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചതിന്റെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2) ലൈഫ് ഭവനനിർമ്മാണം- പട്ടികജാതി

| | |
|---|---|
| പ്രോജക്റ്റ് നം./ പേര് | S0040/21 ലൈഫ് ഭവനനിർമ്മാണം- പട്ടികജാതി |
| അടങ്കൽ | 793600(വികസനഫണ്ട്-എസ്.സി.പി)<br>1500000(സംസ്ഥാനാവിഷ്കൃതഫണ്ട്) 506400 (ബ്ലോക്ക് പഞ്ചായത്ത്) |
| ചെലവ് | 793600(വികസനഫണ്ട്-എസ്.സി.പി)<br>300000(സംസ്ഥാനാവിഷ്കൃതഫണ്ട്) 505000(ബ്ലോക്ക് പഞ്ചായത്ത്) |

ലൈഫ് ഭവന നിർമ്മാണം - പട്ടികജാതി പദ്ധതി പ്രകാരം അഡ്വാൻസ് കൈപ്പറ്റിയ താഴെപ്പറയുന്നവർ പണി പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം. | പേരും വിലാസവും | കൈപ്പറ്റിയ തുക |
|---|---|---|
| 1 | ശ്രീമതി പ്രിയ, വഴിത്താനത്ത്,നാരങ്ങാനം | 200000 |
| 2 | ശ്രീമതി നിത്യ, മുളമരത്തിൽ,നാരങ്ങാനം | 40000 |
| 3 | ശ്രീമതി സുജിത സുരേന്ദ്രൻ, വഴിത്താനത്ത്, കടമ്മനിട്ട | 40000 |
| 4 | ശ്രീമതി സൗമ്യ എം എസ്, ആമപാറയ്ക്കൽ, കടമ്മനിട്ട | 40000 |
| 5 | ശ്രീമതി സരസ്വതി, വഴിത്താനത്ത്, കടമ്മനിട്ട | 40000 |
| 6 | ശ്രീമതി സുലേഖ പി കെ, വട്ടംകല്ലുപുരയിൽ, നാരങ്ങാനം | 40000 |
| 7 | ശ്രീമതി അമ്പിളി, കാരിമുറ്റത്ത്, കടമ്മനിട്ട | 40000 |
| 8 | ശ്രീമതി മീനാക്ഷി, വഴിത്താനത്ത് മുരുപ്പേൽ, കടമ്മനിട്ട | 40000 |

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.20/31.08.2021) ഗുണഭോക്താക്കൾ ഭവനനിർമ്മാണം നടത്തുന്നുണ്ടെന്ന് നിർവ്വഹണോദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നിർമ്മാണം പൂർത്തീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-19 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടത് അനിവാര്യം

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അങ്കണവാടികളിൽ അടിസ്ഥാന സൗകര്യങ്ങൾ പര്യാപ്തമല്ല. അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| അങ്കണവാടികളുടെ എണ്ണം | 19 |
| സ്വന്തമായി കെട്ടിടമുള്ളവ | 6 |
| വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 11 |
| ടോയിലറ്റ് സൗകര്യം ഉള്ളവ | 18 |
| വൈദ്യുതി കണക്ഷൻ ഉള്ളവ | 18 |
| ചുറ്റുമതിൽ ഉള്ളവ | 8 |

ഗ്രാമപഞ്ചായത്തിൽ 19 അംഗനവാടികൾ ആണുള്ളത്. ഇവയിൽ 6 എണ്ണം സ്വന്തം കെട്ടിടത്തിലും 11 എണ്ണം വാടകകെട്ടിടത്തിലും 2 എണ്ണം വാടകരഹിതമായും പ്രവർത്തിക്കുന്നു. വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികളിൽ രണ്ടെണ്ണത്തിന് പുറമ്പോക്ക് സ്ഥലം കണ്ടെത്തിയതായും നാല് എണ്ണത്തിന് വ്യക്തികൾ സൗജന്യമായി സ്ഥലം നൽകുന്നതിന് സന്നദ്ധത അറിയിച്ചിട്ടുള്ളതായും ഐ സി ഡി എസ് സൂപ്പർവൈസർ അറിയിയിച്ചിട്ടുണ്ട്. ഇവയ്ക്ക് സ്വന്തമായി കെട്ടിടം നിർമ്മിച്ച് നൽകുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

അങ്കണവാടികളുടെ അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിൽ അധികൃതർ ശ്രദ്ധ ചെലുത്തേണ്ടതാണ്. വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് പരിമിതമായ സൗകര്യങ്ങൾ മാത്രമാണുള്ളത്.
(A) ചുറ്റുമതിലിന്റെയും കുടിവെള്ള സൗകര്യത്തിന്റെയും അഭാവം നിലനിൽക്കുന്നു. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അംഗൻവാടികൾക്കും അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കാൻ അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

കാലപ്പഴക്കം ചെന്ന ഭക്ഷ്യ ധാന്യ സംഭരണികൾ മാറ്റി പുതിയവ നൽകുന്നതിനും, ശിശു സൗഹൃദ ഫർണ്ണീച്ചറുകൾ ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്. 29.01.2018ലെ സ.ഉ(കൈ)11/2018/തസ്വഭവ നമ്പർ ഉത്തരവ് അനുച്ഛേദം 7.8.2 പ്രകാരം അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പ് വരുത്തുന്നതിനും മെച്ചപ്പെട്ട പ്രവർത്തനങ്ങൾക്കുമായി നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങളെ അടിസ്ഥാനപ്പെടുത്തി അങ്കണവാടികളുടെ ശരിയായ പരിപാലനം ഉറപ്പ് വരുത്തേണ്ടതാണ്. അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് തുടർന്നുള്ള വാർഷിക പദ്ധതികളിൽ ഗ്രാമപഞ്ചായത്ത് മുൻഗണന നൽകേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടേയും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടേയും പ്രത്യേക ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്.

## 1-20 ജി.എസ്.ടി. കോമ്പൻസേഷൻ സെൽഫ് ഡിക്ലറേഷൻ ഫോം ഹാജരാക്കാതെ നൽകി.

2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ഭൂരിഭാഗം മരാമത്ത് പ്രവൃത്തികളിലും 12% GST കോംമ്പൻസേഷൻ നൽകിയിട്ടുണ്ട്. സ.ഉ(അച്ചടി) നം: 87/2017/തസ്വഭവ; 01.11.2017 ഉത്തരവു പ്രകാരം മരാമത്ത് പ്രവൃത്തികൾ ഏറ്റെടുക്കുന്ന എല്ലാ കരാറുകാരും നിർബന്ധമായും GST രജിസ്ട്രേഷൻ എടുക്കേണ്ടതും ടെണ്ടറിനൊപ്പം ഹാജരാക്കേണ്ടതുമാണ്.

സ.ഉ (സാധാ) നം: 2532/2018/തസ്വഭവ;29.09.2018 സർക്കാർ ഉത്തരവ് പ്രകാരം GST കോമ്പൻസേഷൻ ക്ലെയിം ചെയ്യുന്നതിന് കരാറുകാർ അവരുടെ പൂർണ്ണമായ മേൽവിലാസം,GST നമ്പർ എന്നിവ ഉൾപ്പെടുത്തി ഒരു സെൽഫ് ഡിക്ലറേഷൻ നൽകണമെന്നു നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനായി സമർപ്പിക്കേണ്ട മാതൃകയും സർക്കാർ ഈ ഉത്തരവിലൂടെ നിർദ്ദേശിച്ചിട്ടുണ്ട്. ഈ മാതൃക നാലു പകർപ്പുകൾ തയ്യാറാക്കേണ്ടതും ഒരെണ്ണം അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലും ഒരു പകർപ്പ് GST വകുപ്പിലും നൽകണം എന്നു നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് GST കോമ്പൻസേഷൻ അനുവദിച്ചിട്ടുള്ളത്.

നിർവ്വഹണ ഫയലുകളിലൊന്നും തന്നെ കരാറുകാരുടെ സെൽഫ് ഡിക്ലറേഷൻ ഫോം ഹാജരാക്കിയിട്ടില്ല. താഴെ പറയുന്ന കരാറുകാർ ഈ പഞ്ചായത്തിൽ വിവിധ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം നടത്തുകയും 12% GST കോമ്പൻസേഷൻ നേടുകയും ചെയ്തിട്ടുണ്ട്. (ഈ കരാറുകാരുടെ GST നമ്പർ രേഖപ്പെടുത്തിയ സെൽഫ് ഡിക്ലറേഷൻ ഫോം ഓഡിറ്റിനു ഹാജരാക്കണ മെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം:10/2020-21; 24.08.2021) അസിസ്റ്റന്റ് എഞ്ചിനീയർ മറുപടിയായി ഇവ ഹാജരാക്കുമെന്ന് അറിയിച്ചു.

| ക്രമ നം | കരാറുകാരന്റെ പേര്, വിലാസം |
|---|---|
| 1 | അബ്രഹാം തോമസ്,തെക്കേത്തടത്തിൽ , കടമനിട്ട പി ഒ |
| 2 | പ്രഭാ M.V, മധുമല മണ്ണിൽ, പരിയാരം പി.ഒ, ഇലന്തൂർ. |
| 3 | M. ഹരിഹരൻ,മാറക്കര, കൈതക്കോടി പി.ഒ,അയിരൂർ |
| 4 | J ചാണ്ടി, തണ്ടുമണ്ണിൽ, വരയന്നൂർ പി.ഒ, പുല്ലാട്. |
| 5 | ബാലചന്ദ്രൻ നായർ M.V, മേലേതിൽ പുത്തൻവീട്, ഇടപ്പാവൂർ |
| | |

| | |
|---|---|
| 6 | K.K വിജയൻ, അശ്വതി ഭവൻ, നാരങ്ങാനം |
| 7 | മോഹൻ കുമാർ, ഇടയാട്ട്, കുറിയന്നൂർ പി.ഒ, തിരുവല്ല |
| 8 | എ.ജി രാജ്മോഹൻ നായർ, അമ്പലത്തു ഹൗസ്, ഇടപ്പാവൂർ |
| 9 | ജിജി വർഗീസ് , ചെമ്പലേത്ത് വീട്, ഊന്നുകൽ. |
| 10 | രാഹുൽ രാജ്, രാജ് ഭവൻ, ഇടപ്പാവൂർ |
| 11 | ആകാശ് എസ് നായർ, പടറ്റുകാലായിൽ, ഐത്തല പി.ഒ, റാന്നി. |
| 12 | അബ്ദുൾ വഹാബ്,അലങ്കാരത്തു വീട്, മങ്ങാരം, കോന്നി. |
| 13 | അജിമോൻ കെ,അജിഭവനം, നാരങ്ങാനം |

തുടർ വർഷങ്ങളിൽ നടപടികൾ എല്ലാം പാലിച്ചുകൊണ്ടാണ് തുക അനുവദിക്കുന്നതെന്ന് ഉറപ്പാക്കേണ്ടതാണ്. ഭരണസമിതി, ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി എന്നിവരുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-21 ബിറ്റുമിൻ വാങ്ങിയതിന്റെ ഒറിജിനൽ ബില്ല് ഹാജരാക്കാത്ത കരാറുകാരനു ബിൽ തുക നൽകി.

2020-21 ൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ താഴെ പറയുന്ന റോഡ് ടാറിംഗ് പ്രവർത്തിയുടെ ഫയലിൽ ബിറ്റുമിൻ വാങ്ങിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. (G.O.(P.)No.96/2016/Fin., Dtd. 15.07.2016-നം ഉത്തരവ് പ്രകാരം ബിറ്റുമിൻ വാങ്ങിയതിന്റെ ഒറിജിനൽ ബില്ലുകൾ ഹാജരാക്കിയാൽ മാത്രമെ ടാറിംഗ്/റീടാറിംഗ് പ്രവൃത്തിയുടെ ഫൈനൽ ബിൽ തുക നൽകാൻ പാടുള്ളൂ എന്ന നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ബിറ്റുമിൻ വാങ്ങിയതിന്റെ ബില്ലുകൾ ഹാജരാക്കാത്ത കരാറുകാരനു ഫൈനൽ ബിൽ തുക അനുവദിച്ചു നൽകി. ബിറ്റുമിന്റെ DSR 2016ലെ നിരക്കായ ₹42.07/കി.ഗ്രാം ബില്ലിൽ അനുവദിച്ചു നൽകിയിട്ടുണ്ട്.

| ക്രമ നം | പ്രൊജക്ട് നം/പേര് | കരാറുകാരന്റെ പേര്, എം ബുക്ക് നമ്പർ | ഉപയോഗിച്ച ബിറ്റുമിന്റെ അളവ് (Kg) എം ബുക്ക് പ്രകാരം | ബിൽ തുക/ ബിൽ നമ്പർ/ തീയതി | ബിറ്റുമിനു DSR പ്രകാരം നൽകിയ തുക (Kg*42.07) |
|---|---|---|---|---|---|
| 1 | 85/2020-21കുഴിക്കൽപ്പടി അന്ത്യാളൻ കാവ് മോസ്കോപ്പടി റോഡ് റീടാറിംഗ് | അബ്രഹാം തോമസ്, 57/2020-21 | 3219 | 449964 Bill No:342778/ 24.03.2021 | ₹135423 |

ഉപയോഗിച്ച ബിറ്റുമിൻ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | അളവ് (M2) | ആവശ്യമായ ബിറ്റുമിൻ/ എമൽഷൻ | ആകെ ആവശ്യമായ ബിറ്റുമിൻ/ എമൽഷൻ (Kg) |
|---|---|---|---|---|
| 1 | 50 Mm Penetration | 278.65 | 1.75 Kg/M2 | 487.64 |
| 2 | RS1 Emulsion Over Bituminous Surface | 1294.43 | 0.225Kg/M2 | 291.25 |
| 3 | Chipping Carpet | 1294.43 | 1.46 Kg/M2 | 1889.87 |
| 4 | Seal Coat | 1294.43 | 0.65Kg/M2 | 841.38 |
| | Total | | | Emulsion-291.25 Bitumen-3219 |

മേൽ പ്രവർത്തിയ്ക്ക് കരാറുകാരൻ ബിറ്റുമിൻ വാങ്ങിയതിന്റെ ഇൻവോയിസ് (E-Way Bill) ഓഡിറ്റിനു ഹാജരാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം;09/2020-21; 24.08.2021) യഥാർത്ഥ ഇ-വേ ബിൽ ഹാജരാക്കുന്നതാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു. ബിൽ ഹാജരാക്കാത്തതിനാൽ ബിറ്റുമിനു DSR

പ്രകാരം നൽകിയ തുക 135423 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കരാറുകാരനിൽ നിന്നും ഇ-വേ ബിൽ ഹാജരാക്കണ്ടതാണ്.

## 1-22 ടേക്ക് എ ബ്രേക്ക് ടോയ്‌ലെറ്റ് നിർമ്മാണം പാതിവഴിയിൽ നിർമ്മാണം നിലച്ചു.

2020-21 സാമ്പത്തിക വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ടേക്ക് എ ബ്രേക്ക് ടോയ്‌ലെറ്റ് നിർമ്മാണം എന്ന പ്രവർത്തി പാതിവഴിയിൽ നിർമ്മാണം നിർത്തിയതായി കാണുന്നു. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് നം/പേര് | കരാറുകാരൻ | എഗ്രിമെന്റ് നം/തീയതി | ബിൽ തുക | എം ബുക്ക് നം |
|---|---|---|---|---|
| 267/20-21,ടേക്ക് എ ബ്രേക്ക് ടോയ്‌ലെറ്റ് നിർമ്മാണം | അജിമോൻ കെ, അജി ഭവനം, നാരങ്ങാനം | 7/AE/LSGD; 30.01.2021 | ₹256062 Bill No: 441180/30.03.2021 | 66/2020-21 |

ഗ്രാമപഞ്ചായത്തിൽ ടേക്ക് എ ബ്രേക്ക് പദ്ധതി പ്രകാരം ടോയ്‌ലെറ്റ് നിർമ്മിക്കുന്നതിനായി 16.11.2020ൽ ടെണ്ടർ ക്ഷണിക്കുകയും ശ്രീ അജിമോൻ കെ എന്ന കരാറുകാരന്റെ ടെണ്ടർ (₹473611) ഗ്രാമപഞ്ചായത്ത് കമ്മിറ്റി 13.01.2021 ൽ അംഗീകരിക്കുകയും (3(1) ാം തീരുമാനം) ചെയ്തിരുന്നു. പ്രവർത്തിയുടെ 50% പൂർത്തിയാകുകയും കരാറുകാരനു പാർട് ബിൽ 2020-21 ൽ നൽകിയതായും കണ്ടു. മെഷർമെന്റ് ബുക്ക് പരിശോധിച്ചതിൽ എസ്റ്റിമേറ്റ് പ്രകാരമുള്ള ആദ്യ 14 ഇനങ്ങളും ഇനം 23,25 എന്നിവയും മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളതെന്നു കണ്ടു. ഇനം 15-22, ഇനം 24,26-44,നാപ്കിൻ ഇൻസിനേറ്റർ, വൈദ്യുതീകരണം തുടങ്ങിയവ നിർവ്വഹിച്ചിട്ടില്ല. പദ്ധതിയുടെ നിലവിലെ അവസ്ഥയെന്താണ് എന്നും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോയെന്നും ഓഡിറ്റിനെ അറിയിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം;13/2020-21;24.08.2021) പദ്ധതി പൂർത്തിയായി വരുന്നതാണ് എന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു. പദ്ധതി എത്രയും വേഗം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-23 ടെണ്ടർ രേഖകൾ ഓഡിറ്റിനു ഹാജരാക്കിയില്ല.

| ക്രമ നം | പ്രൊജക്ട് നം/പേര് | കരാറുകാരൻ | എഗ്രിമെന്റ് നം/തീയതി | ബിൽ തുക | എം ബുക്ക് നം |
|---|---|---|---|---|---|
| 1 | 289/19-20, 175/20-21 കുരിശ്ശുംമൂട് ആറ്റുഴക്കാട് വാളാർകുഴി റോഡ് സംരക്ഷണ ഭിത്തി | അബ്രഹാം തോമസ്, തെക്കേത്തടത്തിൽ , അന്ത്യാളൻകാവ് | 79/AE/LSGD; 27.03.2020 | ₹199096 ബിൽ നം:458360/ 21.08.2020 | 4/20-21; 27.04.2020 |
| 2 | 95/19-20,205/21 ഐക്കുഴിപ്പടി-പുത്തൻ പറമ്പിൽ പടി റോഡ് റീടാറിംഗ് | അബ്രഹാം തോമസ്, തെക്കേത്തടത്തിൽ , അന്ത്യാളൻകാവ് | 78/AE/LSGD; 27.03.2020 | ₹399310 ബിൽ നം:149409/ 25.02.2021 | 36/20-21; 27.04.2020 |
| | ആകെ | | | 5,98,406 | |

മേൽ പ്രവർത്തികളുടെ ഫയലിനോടൊപ്പം ഹാജരാക്കിയ എഗ്രിമെന്റ് അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തുകയോ, എഗ്രിമെന്റ് നടത്തിയ തീയതി, നമ്പർ എന്നിവ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. മാത്രമല്ല പ്രസ്തുത പ്രവർത്തികളുടെ ടെന്റർ നടപടികൾ എന്നിവയും ഫയലിനോടൊപ്പം ഹാജരാക്കിയില്ല. ഇതു മൂലം പ്രവർത്തി മൂല്യം കരാറുകാരന് എപ്രകാരമാണ് അനുവദിച്ച് നൽകിയത് എന്നതിന്റെ കൃത്യത ഉറപ്പുവരുത്താൻ ഓഡിറ്റിന് കഴിഞ്ഞില്ല.

രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം;11/2020-21;24.08.2021) നൽകിയെങ്കിലും രേഖകൾ ഹാജരാക്കിയില്ല. ചെലവു രേഖകൾ ഹാജരാക്കാത്തതിനാൽ ടി രണ്ടു പ്രവർത്തികളുടെയും ചെലവ് 598406 (199096+399310) രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-24 മരാമത്ത് പ്രവർത്തികളുടെ നടപടിക്രമങ്ങളിൽ വീഴ്ച

2020-21 സാമ്പത്തിക വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ താഴെ പറയുന്ന മരാമത്ത് പ്രവർത്തികളിൽ സിംഗിൾ ടെണ്ടർ മാത്രമാണ് ഫയലിനോടൊപ്പം ഹാജരാക്കിയത്. പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്ട് നം/ പേര് | കരാറുകാരന്റെ പേര് |
|---|---|---|
| 1 | 203/2020-21, നിരവത്ത് ചീനിയിൽപ്പടി റോഡ് കോൺക്രീറ്റിംഗ് | കെ അജിമോൻ,അജി ഭവനം, നാരങ്ങാനം |
| 2 | 91/20-21പ്ലാക്കൽ മുനിസിപ്പാലിറ്റി റോഡ് റീടാറിംഗ് | അബ്രഹാം തോമസ്,തെക്കേത്തടത്തിൽ , കടമനിട്ട പി ഒ |
| 3 | 197/20-21, മാർത്തോമ പള്ളിപ്പടി ചക്കുപാറ റോഡ് കോൺക്രീറ്റിംഗ് | K.K വിജയൻ, അശ്വതി ഭവൻ, നാരങ്ങാനം |
| 4 | 204/20-21,ആലുങ്കൽ പൂവണ്ണുംമൂട് തോട് സംരക്ഷണ ഭിത്തി | കെ അജിമോൻ,അജി ഭവനം, നാരങ്ങാനം |
| 5 | 121/20-21, ഐക്കുഴപ്പടി- പുത്തൻപറമ്പിൽ പടി റോഡ് റീടാറിംഗ് | അബ്രഹാം തോമസ്,തെക്കേത്തടത്തിൽ , കടമനിട്ട പി ഒ |
| 6 | 212/20-21,166/19-20 കല്ലുപുരയ്ക്കൽ പരുത്തുംപാറ റോഡ് കോൺക്രീറ്റിംഗ് | കെ അജിമോൻ,അജി ഭവനം, നാരങ്ങാനം |
| 7 | 156/20-21,91/19-20 നിരന്നകാലാപ്പടി തെക്കുംകാലാപ്പടി റോഡ് കോൺക്രീറ്റിംഗ് | കെ അജിമോൻ,അജി ഭവനം, നാരങ്ങാനം |
| 8 | 154/20-21,82/19-20,ആലുനിൽക്കുന്നതിൽ പൂവണ്ണുംമൂട്ടിൽ റോഡ് കോൺക്രീറ്റിംഗ് | കെ അജിമോൻ,അജി ഭവനം, നാരങ്ങാനം |
| 9 | 158/20-21,123/19-20,കാക്കനാട്ടു പടി മാമനാൽ ചക്കുപാറ റോഡ് കോൺക്രീറ്റിംഗ് | K.K വിജയൻ, അശ്വതി ഭവൻ, നാരങ്ങാനം |
| 10 | 157/20-21,100/19-20 തെക്കേക്കര കൈതയ്ക്കൽ റോഡ് കോൺക്രീറ്റിംഗ് | കെ അജിമോൻ,അജി ഭവനം, നാരങ്ങാനം |
| 11 | 163/20-21, 169/19-20മാർത്തോമ പള്ളിപ്പടി- ചക്കുപാറ റോഡ് കോൺക്രീറ്റിംഗ് | കെ അജിമോൻ,അജി ഭവനം, നാരങ്ങാനം |
| 12 | 162/20-21, 167/19-20നെടുംചേരി ചുണ്ടലും കാവ് റോഡ് കോൺക്രീറ്റിംഗ് | കെ അജിമോൻ,അജി ഭവനം, നാരങ്ങാനം |

30.07.2015 ലെ G.O(P) No: 324/2015/Fin ഉത്തരവു പ്രകാരം സിംഗിൾ ടെണ്ടർ ലഭിച്ചാൽ ആയത് തുറക്കാൻ പാടില്ല എന്നും ഒന്നുകിൽ റീ ടെണ്ടർ ചെയ്യണമെന്നും അല്ലാത്ത പക്ഷം ടെണ്ടർ സ്വീകരിക്കുന്ന തീയതി 15 ദിവസം കൂടി നീട്ടണമെന്നും, 15 ദിവസത്തിനുള്ളിൽ മറ്റു ബിഡ്ഡുകൾ ലഭിച്ചിട്ടില്ലായെങ്കിൽ റീ ടെണ്ടർ നടത്തണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. റീ-ടെണ്ടറിലും സിംഗിൾ ടെണ്ടർ ലഭിച്ചാൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി, അസിസ്റ്റന്റ് എഞ്ചിനീയർ, അക്കൗണ്ടന്റ് എന്നിവർ ഉൾക്കൊള്ളുന്ന കമ്മിറ്റി ടെണ്ടർ പരിശോധിച്ച് സിംഗിൾ ടെണ്ടർ അംഗീകരിക്കാം. എന്നാൽ മേൽ 12 പ്രവർത്തികളുടെ ടെണ്ടർ നടപടികൾ മേൽ സൂചിപ്പിച്ചത് പ്രകാരം പാലിച്ചിട്ടുണ്ടോ എന്നു വ്യക്തമല്ല. 08.11.2019 ൽ നടന്ന ടെണ്ടറിൽ ആരും ബിഡ്ഡുകൾ സമർപ്പിച്ചിട്ടില്ലാ എന്നാണ് ഓഡിറ്റിനു ഹാജരാക്കിയ ടെണ്ടർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. മേൽ പ്രവർത്തികളുടെ റീടെണ്ടർ സ്വീകരിച്ചതിന്റെ രജിസ്റ്റർ, മറ്റു വിശദാംശങ്ങൾ എന്നിവ ഓഡിറ്റിനു ഹാജരാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം;12/2020-21; 24.08.2021) റീടെണ്ടർ, ക്വട്ടേഷൻ നടപടികൾ പൂർത്തിയാക്കി എഗ്രിമെന്റ് വച്ച് നടപ്പാക്കിയതാണ് മേൽ പ്രവർത്തികളെന്നും രേഖകൾ ഓഡിറ്റിനു ഹാജരാക്കുമെന്നും അറിയിച്ചു. ഈ വിഷയത്തിന്മേൽ വകുപ്പുതലത്തിൽ തുടർനടപടികൾ സ്വീകരിക്കണമെന്ന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 1-25 വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല

പദ്ധതി നിർവ്വഹണത്തിനായി വിവിധ നിർവ്വഹണ ഏജൻസികൾക്ക് കൈമാറിയ തുകകളുടെ വിനിയോഗ വിവരം

ലഭ്യമായിട്ടില്ല.

1-25-1 എസ്.എസ്.എയ്ക്ക് നൽകിയത് .

ഹെഡ് മാസ്റ്റർ എൽ.പി.എസ്. നാരങ്ങാനം പദ്ധതി നിർവ്വഹണത്തിനായി എസ്.എസ്.എ യ്ക്ക് കൈമാറിയ തുകകളുടെ വിനിയോഗ വിവരം ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ -

| പ്രൊജക്ട് | തുക | ബിൽനം&തീയതി | തുക കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|
| എസ്.എസ്.എ വിഹിതം (ജനറൽ) | 200000/- | 1/2020-21,16-9-20 | എസ്.എസ്.എ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ |
| എസ്.എസ്.എ വിഹിതം (എസ്.സി) | 150000/- | 2/2020-21,16-9-20 | എസ്.എസ്.എ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ |
| ആകെ | 350000/- | | |

1-25-2 ജലഅതോറിറ്റിക്ക് നൽകിയത്

ഗ്രാമപഞ്ചായത്ത് സെക്രട്ടറി പദ്ധതി നിർവ്വഹണത്തിനായി ജല അതോറിറ്റിക്ക് നൽകിയ തുകകളുടെ വിനിയോഗ വിവരം ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ-

| | പ്രൊജക്ട് | തുക | ബിൽനം&തീയതി | തുക കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|---|

| ക്രമ നം | | | | |
|---|---|---|---|---|
| 1 | വലിയകുളം സാവിയോസ്കൂൾ പൂന്തോൺപടി റോഡ് പൈപ്പ് ലൈൻ നീട്ടൽ ( 218/21) | 100000 | 34/20-21, 23-12-2020 | കേരള വാട്ടർ അതോരിറ്റി |
| 2 | പോസ്റ്റ് ഓഫീസ് -പുളിനിൽക്കുന്നതിൽ പടി റോഡ് പൈപ്പ് ലൈൻ നീട്ടൽ ( 219 /21) | 100000 | 35/20-21, 23-12-2020 | കേരള വാട്ടർ അതോരിറ്റി |
| 3 | തുണ്ടത്തിൽഭാഗം റോഡ് പൈപ്പ് ലൈൻ നീട്ടൽ ( 220/21) | 88000 | 35/20-21, 23-12-2020 | കേരള വാട്ടർ അതോരിറ്റി |
| 4 | കിഴവറ മേലേതിൽ കാലായിൽ റോഡ് പൈപ്പ് ലൈൻ നീട്ടൽ ( 221/21) | 170000 | 37/20-21, 23-12-2020 | കേരള വാട്ടർ അതോരിറ്റി |
| 5 | കാരക്കാട് പറമ്പ്-വലിയതോട്പൈപ്പ് ലൈൻ നീട്ടൽ ( 222/21) | 225000 | 45/20-21, 22-1-21 | കേരള വാട്ടർ അതോരിറ്റി |
| 6 | ഈട്ടി നിൽക്കുന്നതിൽ-മുള്ളൻവാരത്തിങ്കൽ കാഞ്ഞിരത്തോലിൽപൈപ്പ് ലൈൻ നീട്ടൽ (226/21) | 100000 | 28/20-21, 23-12-20 | കേരള വാട്ടർ അതോരിറ്റി |
| 7 | വഴിത്താനം -പള്ളിപ്പടി റോഡ് പൈപ്പ് ലൈൻ നീട്ടൽ ( 227/21) | 125000 | 29/20-21 23-12-2020 | കേരള വാട്ടർ അതോരിറ്റി |
| 8 | ആല്വനിൽക്കുന്നതിൽ പൂവണ്ണംമൂട്ടിൽപടി റോഡ് പൈപ്പ് ലൈൻ നീട്ടൽ ( 228/21) | 141000 | 30/20-21, 23-12-20 | കേരള വാട്ടർ അതോരിറ്റി |
| 9 | ആമപ്പാറ കല്ലൂർ റോഡ് പൈപ്പ് ലൈൻ നീട്ടൽ (229/21) | 100000 | 31/20-21, 23-12-20 | കേരള വാട്ടർ അതോരിറ്റി |
| 10 | കൃപാപുരം ജംഗ്ഷൻ-തളറാൻ മുരുപ്പ് റോഡ് പൈപ്പ് ലൈൻ നീട്ടൽ (230/21) | 82800 | 32/20-21, 23-12-20 | കേരള വാട്ടർ അതോരിറ്റി |
| 11 | പൊയ്യാനി-പുന്നശ്ശേരി റോഡ് പൈപ്പ് ലൈൻ നീട്ടൽ (231/21) | 67000 | 33/20-21, 23-12-20 | കേരള വാട്ടർ അതോരിറ്റി |
| 12 | ജലജീവൻ മിഷൻ (248/21) | 500000 | 44/20-21, 22-1-21 | കേരള വാട്ടർ അതോരിറ്റി |
| | ആകെ | 1798800 | | |

## 1-26 ജലജീവൻ മിഷൻ പദ്ധതി - വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

സെക്രട്ടറി നിർവ്വഹണഉദ്യോഗസ്ഥനായി ജലജീവൻ മിഷൻ പദ്ധതി നടപ്പാക്കുന്നതിന വേണ്ടി ( 248/21) 500000 രൂപ (ബിൽനം. 44/20-21,22-1-21) കേരള ജലഅതോറിറ്റിയിൽ ഒടുക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ 300 ഉപഭോക്താക്കൾക്ക്

ഗാർഹിക കണക്ഷൻ അനുവദിക്കുന്നതിനു വേണ്ടിയാണ് കേരള ജലഅതോറിറ്റിയിൽ പഞ്ചായത്ത് വിഹിതമായി തുക ഒടുക്കിയിട്ടുള്ളത്.

എ) പദ്ധതിക്കായി തെരഞ്ഞെടുത്തിരിക്കുന്ന ഗുണഭോക്താക്കളുടെ വിവരം

ബി) പത്ത് ശതമാനം തുക ഒടുക്കാൻ തയ്യാറാണ് എന്ന് ഗുണഭോക്താക്കൾ നൽകിയ സമ്മതപത്രം

സി) ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃവിഹിതം ലഭിച്ചതിന്റെ വിവരം

ഡി) പദ്ധതി മുഖേന നാളിതുവരെ ലഭ്യമായ കുടിവെള്ളകണക്ഷനുകളുടെ വിവരം

എന്നിവ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 19/31-8-21) മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നതോടൊപ്പം പദ്ധതിയുടെ ഫലപ്രാപ്തി സംബന്ധിച്ച വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടും,വിനിയോഗവും

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് | 229500 | സമഗ്ര നെൽകൃഷി വികസനം (18/21) | 229500 | - |
| ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് | 67620 | സുഭിക്ഷ കേരളം നെൽകൃഷി(198/21) | 67620 | - |
| ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് | 30620 | സുഭിക്ഷ കേരളം കിഴങ്ങ് വർഗ്ഗങ്ങളുടെ കൃഷി(200/21) | 30620 | - |
| ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് | 24920 | സുഭിക്ഷ കേരളം വാഴക്കൃഷി(199/21) | 24920 | - |
| ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് | 505000 | ലൈഫ് ഭവനനിർമ്മണം ( പട്ടികജാതി-40/21) | 505000 | - |
| ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് | 200000 | ലൈഫ് ഭവന നിർമ്മാണം (ജനറൽ-33/21) | 200000 | - |

| | | | | |
|---|---|---|---|---|
| ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് | 81166 | അനുപൂരക പോഷകാഹാരം (ജനറൽ-23/21) | 81166 | - |
| ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് | 133200 | ശാരീരിക,മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ്(25/21) | 133200 | - |
| ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് | 350000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (37/21) | 350000 | - |
| ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് | 100000 | കാലിത്തീറ്റ വിതരണം (38/21) | 100000 | - |
| ഇലന്തൂർ ജില്ലാ പഞ്ചായത്ത് | 200000 | ആശ്രയ ജനറൽ(11/21) | 200000 | - |
| ഇലന്തൂർ ജില്ലാ പഞ്ചായത്ത് | 112500 | സാന്ത്വന പരിചരണം(41/21) | 112500 | - |
| ഇലന്തൂർ ജില്ലാ പഞ്ചായത്ത് | 198850 | ശാരീരിക,മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ്(25/21) | 198850 | - |
| ഇലന്തൂർ ജില്ലാ പഞ്ചായത്ത് | 256062 | ടെയ്ക്ക് എ ബ്രേക്ക് ടോയ്ലറ്റ്(267/21) | 256062 | - |

## 4-2 നിക്ഷേപ പ്രവൃത്തികൾ

ഓഡിറ്റ് വർഷം ചുവടെ ചേർത്തിരിക്കുന്ന രീതിയിൽ നിക്ഷേപ പ്രവൃത്തികൾക്ക് തുക ചെലവഴിച്ചിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തികൾ നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ചതുക | ചെലവഴിക്കാൻ ബാക്കിയുള്ളത് |
|---|---|---|---|---|---|
| 1 | കേരള വാട്ടർ അതോരിറ്റി | വലിയകുളം സാവിയോസ്കൂൾ പുന്നോൺപടി റോഡ് പൈപ്പ് ലൈൻ നീട്ടൽ( 218/21) | 100000 | - | 100000 |
| 2 | കേരള വാട്ടർ അതോരിറ്റി | തുണ്ടത്തിൽഭാഗം റോഡ് പൈപ്പ് ലൈൻ നീട്ടൽ ( 220/21) | 100000 | - | 100000 |
| 3 | കേരള വാട്ടർ അതോരിറ്റി | പോസ്റ്റ് ഓഫീസ് -പുളിനിൽക്കുന്നതിൽ പടി റോഡ് പൈപ്പ് ലൈൻ നീട്ടൽ ( 219 /21) | 88000 | - | 88000 |
| 4 | കേരള വാട്ടർ അതോരിറ്റി | കിഴവറ മേലേതിൽ കാലായിൽ റോഡ് പൈപ്പ് ലൈൻ നീട്ടൽ ( 221/21) | 170000 | - | 170000 |
| 5 | കേരള വാട്ടർ | കാരക്കാട് പറമ്പ്-വലിയതോട്പൈപ്പ് | 225000 | - | 225000 |

| | | | | | |
|---|---|---|---|---|---|
| | അതോരിറ്റി | ലൈൻ നീട്ടൽ ( 222/21) | | | |
| 6 | കേരള വാട്ടർ അതോരിറ്റി | ഈട്ടി നിൽക്കുന്നതിൽ- മുള്ളൻവാരത്തിങ്കൽ കാഞ്ഞിരത്തോലിൽ പൈപ്പ് ലൈൻ നീട്ടൽ(226/21) | 100000 | - | 100000 |
| 7 | കേരള വാട്ടർ അതോരിറ്റി | വഴിത്താനം -പള്ളിപ്പടി റോഡ് പൈപ്പ് ലൈൻ നീട്ടൽ ( 227/21) | 125000 | - | 125000 |
| 8 | കേരള വാട്ടർ അതോരിറ്റി | ആലുനിൽക്കുന്നതിൽ പൂവണ്ണംമൂട്ടിൽപടി റോഡ് പൈപ്പ് ലൈൻ നീട്ടൽ ( 220/21) | 141000 | - | 141000 |
| 9 | കേരള വാട്ടർ അതോരിറ്റി | ആമപ്പാറ കല്ലൂർ റോഡ് പൈപ്പ് ലൈൻ നീട്ടൽ (229/21) | 100000 | | 100000 |
| 10 | കേരള വാട്ടർ അതോരിറ്റി | കൃപാപുരം ജംഗ്ഷൻ- തളറാൻ മുരുപ്പ് റോഡ് പൈപ്പ് ലൈൻ നീട്ടൽ (230/21) | 82800 | - | 82800 |
| 11 | കേരള വാട്ടർ അതോരിറ്റി | പൊയ്യാനി-പൂന്നശ്ശേരി റോഡ് പൈപ്പ് ലൈൻ നീട്ടൽ (231/21) | 67000 | - | 67000 |
| 12 | കേരള വാട്ടർ അതോരിറ്റി | ജലജീവൻ മിഷൻ (248/21) | 500000 | - | 500000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

തൻവർഷം മൊബിലൈസേഷൻ അഡ്വാൻസിനത്തിൽ തുക ചെലവഴിച്ചിട്ടില്ല

## 4-4 വായ്പ /വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവനപദ്ധതി | ലഭ്യമല്ല | 5605631 | 5208572 | 482941 | - | 4725631 |

(ഗ്രാമ പഞ്ചായത്ത് ലഭ്യമാക്കിയ രജിസ്റ്ററും വാർഷികകണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല. രജിസ്റ്റർ പ്രകാരമുള്ള വിവരമാണ് ചേർത്തിട്ടുള്ളത്).

## 4-5 സ്ഥിരനിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

തൻവർഷം ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | സമാഹൃത റിപ്പോർട്ട് വർഷം | സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക നം. | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|
| 2015-16 | 2016-17 | 2.1 | നിർവ്വഹണ ഉദ്യോഗസ്ഥർക്ക് വിതരണം ചെയ്ത രസീത് ബുക്കുകൾ ഉപയോഗിക്കാതെ ബാക്കി വന്നവ തിരികെ വാങ്ങി ക്യാൻസൽ ചെയ്ത സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിലെ ഉദ്യോഗസ്ഥർക്ക് വിതരണം ചെയ്ത മാന്വൽ രസീതുകൾ എന്നിവ സംബന്ധിച്ച് | തൽ സ്ഥിതി തുടരുന്നു |
| 2015-16 | 2016-17 | 2.2 | ഡി.&ഒ. ലൈസൻസ് ചട്ടപ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച് | തൽ സ്ഥിതി തുടരുന്നു |
| 2013-14 | 2014-15 | 2.4 | മുളമൂട്ടിൽ ഫൈനാൻസിയേഴ്സ്, നാരങ്ങാനം സർവ്വീസ് കോ. ഓപ്പറേറ്റീവ് ബാങ്ക് എന്നീ സ്ഥാപനങ്ങളിലെ വിവിധ ശാഖകളിലെ തൊഴിൽ നികുതി പിരിവിൽ കുടിശ്ശിക സംബന്ധിച്ച് | തൽ സ്ഥിതി തുടരുന്നു |
| 2014-15 | 2015-16 | 2.3 | മുളമൂട്ടിൽ ഫൈനാൻസിയേഴ്സ് എന്ന സ്ഥാപനത്തിന് 2012-13 മുതലുള്ള തൊഴിൽനികുതി സ്ഥാപന നികുതി എന്നിവ ഈടാക്കുന്നത് സംബന്ധിച്ച് | തൽ സ്ഥിതി തുടരുന്നു |
| 2014-15 | 2015-16 | 2.4 | മൗണ്ട് സിയോൺ റസിഡൻഷ്യൽ സ്കൂൾ സാവിയോ ചാരിറ്റബിൾ സ്കൂൾ എന്നിവിടങ്ങളിലെ അദ്ധ്യാപകരുടെ തൊഴിൽ നികുതി ഈടാക്കുന്നത് സംബന്ധിച്ച് | തൽ സ്ഥിതി തുടരുന്നു |
| 2014-15 | 2015-16 | 2.5 | റേഷൻ റീട്ടയിൽ ഡിപ്പോകൾ തൊഴിൽ നികുതി ഒടുക്കിയില്ല എന്നത് സംബന്ധിച്ച് | തൽ സ്ഥിതി തുടരുന്നു |

## 4-8 ചാർജ്,സർചാർജ് നടപടികലിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 18656552 |
| | |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | 57914098 |
| ആകെ വരവ് | 76570650 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 63058528 |
| നീക്കിയിരിപ്പ് | 13512122 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 733829 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക | തുക | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|
| 1-21 | 135423 | ജലിം. എസ് |
| 1-23 | 733829 | ജലിം. എസ് |

ഡി) കേന്ദ്ര,സംസ്ഥാന സർക്കാരുകൾ,മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റ വിവരം

ഇല്ല

ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

എഫ്) ഈറിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും,സ്ഥിര മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ(ഓഡിറ്റ് നടന്ന സമയത്തെ)ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ജലീം.എസ്.,അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, കുറ്റൂർ ഗ്രാമ പഞ്ചായത്ത് | ഷാമിന മൻസിൽ, പാപ്പനംകോട്,പാങ്ങോട്.പി.ഒ., തിരുവനന്തപുരം |

## <u>4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് വർഷം | റിപ്പോർട്ട് നമ്പർ/തീയതി | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97(വരവ്) | എൽ.എഫ്.പി.റ്റി.എ-പി 11 /352/2008 തീയതി 29-04-2009 | മുഴുവൻ ഖണ്ഡികകളും |
| 1996-97(ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി 3/9/1998 തീയതി 09-10-2000/27-02-2001 | 2 |
| 1997-98 (ജ.ആ) | എൽ.എഫ്.പി.റ്റി.എ-പി 3/316/1999 തീയതി 10-01-2000 | 5 |
| 1997-98 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി 3/473/1998 തീയതി 04-02-1999 | 3 |
| 1998-99 (വരവ്) | എൽ.എഫ്.പി.റ്റി.എ-പി 11/354/2008 തീയതി 29-04-2009 | 3 |
| 1998-99 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി 3/778/99തീയതി 09-03-2000 | മുഴുവൻ ഖണ്ഡികകളും |

| | | |
|---|---|---|
| 1999-00 (വരവ്) | എൽ.എഫ്.പി.റ്റി.എ-പി 11/460/2009 തീയതി 16-03-2010 | 1 |
| 2000-01 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി3/353/2002തീയതി 13-11-2002 | 17 |
| 2002-03 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി11/718/2009 തീയതി 20-03-2010 | 2 |
| 2003-04 | എൽ.എഫ്.പി.റ്റി.എ-പി11/250/2008 തീയതി 31-12-2008 | 10 |
| 2004-05 | എൽ.എഫ്.പി.റ്റി.എ-പി11/635/2009തീയതി 27-02-2010 | 3 |
| 2005-06 | എൽ.എഫ്.പി.റ്റി.എ-പി.11/636/2009 തീയതി 27-02-2010 | 2 |
| 2006-07 | എൽ.എഫ്.പി.റ്റി.എ-പി.11/701/2009 തീയതി 03-05-2010 | 14 |
| 2007-08 | എൽ.എഫ്.പി.റ്റി.എ-പി11/750/09 തീയതി 13-04-2010 | 16 |
| 2010-11 & 2011-12 | എൽ.എഫ്.പി.റ്റി.എ-പി 12/967/2013 തീയതി 17-01-2014 | 5 |
| 2016-17 | കെ.എസ്.എ.പി.റ്റി.എ പി3/815/2017 തീയതി. 18.07.2017 | 5 |
| 2017-18 | കെ.എസ്.എ.പി.റ്റി.എ പി5/1376/2018 തീയതി.24.10.2018 | 15 |
| 2018-19 | കെ.എസ്.എ.പി.റ്റി.എ പി5/1004/2019 തീയതി.07.01.2020 | എല്ലാ ഖണ്ഡികകളും |
| 2019-20 | കെ.എസ്.എ.പി.റ്റി.എ പി5 – 605/2021 തീയതി 29.09.2021 | എല്ലാ ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ നാരങ്ങാനം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ നാരങ്ങാനം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്